പോലീസ് വിജിലൻസ് അന്വേഷണങ്ങൾ തടസ്സപ്പെടുത്തുന്നതിനെതിരെ നടപടി

91 [45] *ശ്രീ. കെ. പി. രാജേന്ദ്രൻ:*

" *എൻ. രാജൻ:*

" *മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് വിജിലൻസ് അന്വേഷണങ്ങൾ തടസ്സപ്പെടുന്നതായുള്ള വെളിപ്പെടുത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇലക്ട്രിസിറ്റി ബോർഡ് മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ സംസ്ഥാനത്ത് ഇന്നു നടക്കുന്ന വിജിലൻസ് അന്വേഷണങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സംസ്ഥാന മന്ത്രിസഭയിലെ ഏതൊക്കെ മന്ത്രിമാർക്കെതിരായി വിജിലൻസ് അന്വേഷണം ഇപ്പോൾ നടക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഡി) കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ എത്ര അന്വേഷണങ്ങൾ പൂർത്തിയായി; എത്ര റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(ഇ) 2001 മേയ് മാസത്തിനുശേഷം ലഭിച്ച അന്വേഷണ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏത്ര എണ്ണത്തിൽ നടപടികൾ സ്വീകരിച്ചു; അവ ഏതെല്ലാം എന്നും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇലക്ട്രിസിറ്റി ബോർഡ് മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് നടക്കുന്ന വിജിലൻസ് അന്വേഷണങ്ങളുടേയും മറ്റ് എല്ലാ വിജിലൻസ് അന്വേഷണങ്ങളുടേയും പുരോഗതി കാലാകാലങ്ങളിൽ വിലയിരുത്താറുണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണ ഉദ്യോഗസ്ഥൻമാരുടെ യോഗം കാലാകാലങ്ങളിൽ വിളിച്ചുകൂട്ടുകയും ഉദ്യോഗസ്ഥൻമാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. വിജിലൻസ് അന്വേഷണങ്ങളുടേയും വിജിലൻസ് കേസുകളുടേയും അന്വേഷണ പുരോഗതി പരിശോധിക്കുന്നതിനായി യൂണിറ്റ് ആഫീസർമാരിൽ നിന്നും പ്രതിമാസ റിവ്യൂ റിപ്പോർട്ടുകൾ ലഭ്യമാക്കുകയും അവ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന മന്ത്രിസഭയിലെ മന്ത്രിമാർക്കെതിരായി വിജിലൻസ് അന്വേഷണങ്ങൾ ഒന്നും തന്നെ ഇപ്പോൾ നടക്കുന്നില്ല.

(ഡി) & (ഇ) കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ വിജിലൻസ് അന്വേഷണങ്ങൾ, കോൺഫിഡൻഷ്യൽ വെരിഫിക്കേഷൻ, മിന്നൽ പരിശോധന എന്നിവയുടെ 2020 അന്വേഷണ റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

ഇവയിൽ 215 റിപ്പോർട്ടുകൾ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുന്നതിനും 847 റിപ്പോർട്ടുകൾ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനും 58 റിപ്പോർട്ടുകൾ സർക്കാരിനു നഷ്ടപ്പെട്ട പണം തിരികെ പിടിക്കുന്നതിനും 50 റിപ്പോർട്ടുകൾ ലോക്കൽ പോലീസിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിനും 6 റിപ്പോർട്ടുകൾ ഉദ്യോഗസ്ഥരെ സ്ഥലം മാറ്റുന്നതിനും 31 റിപ്പോർട്ടുകൾ ട്രിബ്യൂണൽ അന്വേഷണത്തിനും 150 റിപ്പോർട്ടുകൾ വിജിലൻസ് അന്വേഷണത്തിനും 4 റിപ്പോർട്ടുകൾ ആഡിറ്റ് നടത്തുന്നതിനും 13 റിപ്പോർട്ടുകൾ ഉചിതമായ നടപടി സ്വീകരിക്കുന്നതിനും 2 റിപ്പോർട്ടുകൾ സി. ബി. സി. ഐ. ഡി-ക്ക് അന്വേഷണം കൈമാറുന്നതിന് ശുപാർശ ചെയ്തുകൊണ്ടും 844 റിപ്പോർട്ടുകൾ നടപടികൾ ഒന്നും സ്വീകരിക്കേണ്ടതില്ല എന്ന ശുപാർശയോടും കൂടി സർക്കാരിന് ലഭിച്ചിട്ടുണ്ട്.

കൂടാതെ കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 590 വിജിലൻസ് കേസുകളുടെ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 76 കേസുകൾ വകുപ്പുതല നടപടികൾ ശുപാർശ ചെയ്തും 43 കേസുകൾ ട്രിബ്യൂണൽ എൻക്വയറിക്ക് ശുപാർശ ചെയ്തും 378 കേസുകൾ പ്രോസിക്യൂഷന് ശുപാർശ ചെയ്തും 93 കേസുകളിൽ ആരോപണങ്ങൾ തെളിയിക്കപ്പെടാത്തതിനാൽ നടപടികൾ ആവശ്യമില്ല എന്ന് ശുപാർശ ചെയ്തും ലഭിച്ചിട്ടുണ്ട്. ഇതിൻമേൽ സർക്കാർ ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അഴിമതി സംബന്ധിച്ച വിജിലൻസ് കേസുകൾ

92 [46] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:*
" *ടി. പി. രാമകൃഷ്ണൻ:*
" *പി. സി. ജോർജ്:*

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ നടക്കുന്ന അഴിമതി അവസാനിപ്പിക്കുന്നതിനും അഴിമതിക്കാരായ ഉദ്യോഗസ്ഥൻമാരെ കണ്ടുപിടിക്കുന്നതിനും സർക്കാർ തലത്തിൽ എന്തെല്ലാം സംവിധാനങ്ങളുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly